(ബി) ഹൈക്കോടതി ബഞ്ച് ഇല്ലാത്തതുമൂലം സർക്കാരിന് ധനനഷ്ടവും ഉദ്യോഗസ്ഥന്മാരുടെ സേവനനഷ്ടവും ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) ആവശ്യമായ സൗകര്യങ്ങൾ നൽകിയാൽ ഹൈക്കോടതി ബഞ്ച് അനുവദിക്കാമെന്ന് കേന്ദ്ര നിയമമന്ത്രി പ്രഖ്യാപിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഹൈക്കോടതി ബഞ്ച് ആരംഭിക്കാനുള്ള സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാവുമോ ?

ഉത്തരം

(എ) ഇന്ത്യയിൽ തിരുവനന്തപുരം കൂടാതെ ഹൈക്കോടതിയോ ഹൈക്കോടതി ബഞ്ചോ ഇല്ലാത്ത വേറെ സംസ്ഥാന തലസ്ഥാനങ്ങൾ ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചന നടത്തി ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണം സംബന്ധിച്ച് സുവ്യക്തമായ ഒരു നിർദ്ദേശം സമർപ്പിക്കുവാനാണ് കേന്ദ്രനിയമ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നത്.

(ഡി) ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണത്തിനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഇപ്പോൾ തന്നെ തിരുവനന്തപുരത്ത് ലഭ്യമാണ്. കേന്ദ്ര നിയമ മന്ത്രിയുടെ നിർദ്ദേശാനുസരണം, ഹൈക്കോടതി ചീഫ് ജസ്റ്റിസിൽ നിന്നും ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച് അനുകൂല അഭിപ്രായം കേന്ദ്രസർക്കാരിന് ലഭ്യമാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതിനുള്ള ശ്രമങ്ങൾ തുടർന്നുവരുന്നു.

മുൻസിഫ്/മജിസ്ട്രേറ്റ് നിയമനം

79 [T.1595] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികയിലേക്ക് യോഗ്യതയുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരെ താത്ക്കാലികമായി നിയമിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന് സ്വീകരിക്കുന്ന മാനദണ്ഡവും നടപടിക്രമവും വെളിപ്പെടുത്തുമോ ;

(സി) ആൾ ഇന്ത്യാ ജഡ്ജസ് അസോസിയേഷൻ വേഴ്സസ് യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിന്റെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികയിലേക്ക് വിവിധ കാറ്റഗറിയിൽപ്പെട്ടവരെ നിയമിക്കുന്നതിലേക്ക് സ്പെഷ്യൽറൂൾ ഉണ്ടാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥിരനിയമനം നടത്തുന്നതിന് കാലതാമസമുണ്ടാകുമെന്ന് കണ്ടാലോ പൊതുതാൽപര്യപ്രകാരം ആവശ്യമെന്നു കണ്ടാലോ 1991-ലെ കേരള ജുഡീഷ്യൽ സർവീസ് റൂളിലെ റൂൾ (9) പ്രകാരം താൽക്കാലിക നിയമനം നടത്താറുണ്ട്.

(സി) ആന്റ് (ഡി) ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.

സൂര്യനെല്ലിക്കേസിൽ അപ്പീൽ

80 [1596] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂര്യനെല്ലിക്കേസിലെ ഒരാളൊഴികെ എല്ലാ പ്രതികളേയും വെറുതെ വിട്ടുകൊണ്ടുള്ള ഹൈക്കോടതിയുടെ വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(ബി) സ്ത്രീകളുടെ സുരക്ഷയെ പൊതുവിൽ ബാധിക്കുന്നതും ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് സർക്കാർ വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ അപ്പീൽ കൊടുക്കുന്നതിന് നിയമപരമോ, സാങ്കേതികമോ ആയ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഹൈക്കോടതി വിധി പകർപ്പ് ഇതുവരെ ലഭിച്ചിട്ടില്ല. അപ്പീൽ സംബന്ധിച്ച കാര്യങ്ങളിൽ വിധിയുടെ പകർപ്പ് ലഭിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

(ബി) ബാധകമല്ല.

(സി) ഇല്ല.

കെ. ജെ. ജോസഫ് കമ്മീഷൻ റിപ്പോർട്ട്

81 [1597] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംവരണത്തെ സംബന്ധിച്ചിട്ടുള്ള കെ. ജെ. ജോസഫ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly